ഡോ. വി. അനിൽകുമാർ
(അനിൽ വള്ളത്തോൾ)
വൈസ് ചാൻസലർ

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502. ഫോൺ : 0494 2631240
e-mail: vc@malayalamuniversity.edu.in | www.malayalamuniversity.edu.in

10.07.2021

## അനുശോചനക്കുറിപ്പ്

ആയുർവേദത്തിന്റെ കുലപതി പത്മഭൂഷൻ ഡോ. പി.കെ. വാരിയരുടെ ദേഹവിയോഗത്തിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോളും ഭരണസമിതി അംഗങ്ങളും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരും വിദ്യാർത്ഥികളും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ആയുർവേദചികിത്സാപദ്ധതിയെ ലോകോത്തരനിലവാരത്തിലേക്ക് എത്തിക്കുകയും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് സ്വയം മാതൃകയായിത്തീരുകയും ചെയ്ത അത്ഭുതപ്രതിഭയാണ് വിടവാങ്ങിയത്. മലയാൺമയുടെ മഹത്വത്തെ തിരിച്ചറിയുകയും അതിന്റെ ശക്തിയും സൗന്ദര്യവും വീണ്ടെടുക്കുന്നതിന് ആവോളം പ്രയത്നിക്കുകയും ചെയ്ത അദ്ദേഹം മലയാളസർവകലാശാലയുടെ ആരംഭകാലം തൊട്ടേ അതിന്റെ അഭ്യുദയത്തിനായി നിലകൊള്ളുകയുണ്ടായി. സർവകലാശാലയുമായി നിരന്തരമായ ആത്മബന്ധം സ്ഥാപിച്ചിരുന്ന അദ്ദേഹത്തിന്റെ വേർപാടിൽ കോട്ടക്കൽ ആര്യവൈദ്യശാലയ്ക്കും കുടുംബത്തിനും ഒപ്പം തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയും വ്യസനസമേതം പങ്കുചേരുന്നു.

ഡോ. അനിൽ വള്ളത്തോൾ
വൈസ് ചാൻസലർ